ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനത്തിന് 3053 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ദേശീയ പാതകൾ നാലു വരിയാക്കുന്ന പദ്ധതി ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് (എഫ്.റ്റി.പി.) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഉന്നതതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) എൻ.എ ച്ച്.എ.ഐ.-യുടെ നേതൃത്വത്തിൽ നടക്കുന്ന തൃശൂർ, അങ്കമാലി നാലുവരിപ്പാത നിർമ്മാണത്തിനുവേണ്ടി മരം മുറിക്കുന്നുണ്ട്.

(ഡി) മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്കുപകരം വനം വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, വനംവൽക്കരണത്തിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. എസ്. ടി. പി. രണ്ടാം ഘട്ടത്തിലെ പാക്കേജ് 5-ൽപ്പെട്ട റോഡുകളുടെ പണി

119 [2190] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ കെ. രാധാകൃഷ്ണൻ:
„ എ. സി. മൊയ്തീൻ:
„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഘട്ടം 2-ൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജ് 5-ൽപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളം ആയിട്ടുണ്ട്;

(ബി) ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്;

(സി) ഈ പാക്കേജിന്റെ നിർമ്മാണ ചുമതല ഏത് കമ്പനിക്കാണ് നൽകിയിട്ടുള്ളത്; ഈ കമ്പനിക്ക് പ്രവർത്തനാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈ പാക്കേജിനായി എന്തുമാത്രം ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരിക; ഇതുവരെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്;

(ഇ) ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) ഇന്നത്തെ നിലയിൽ ഈ പാക്കേജിൽപ്പെട്ട റോഡുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെട്ട പാക്കേജ് 5-ലെ റോഡുകളുടെ ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞു. ലോകബാങ്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പാക്കേജ് 5-ൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ താഴെ പറയുന്നവയാണ്.

1. പിലാത്തറ-പാപ്പിനിശ്ശേരി
2. കാസർഗോഡ്-കാഞ്ഞങ്ങാട്
3. തലശ്ശേരി-വളവുപാറ
4. ഇരിട്ടി-തളിപ്പറമ്പ്

(സി) നിർമ്മാണ ചുമതല ഗ്യാമൺ-പ്രോഗ്രസ്സീവ് (IV) എന്ന കമ്പനിക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ലോക ബാങ്കിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനാനുമതി നൽകുന്നതാണ്.

(ഡി) ഏകദേശം 22.76 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിന് പൊന്നുംവില നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ഇ) ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. ജീവനക്കാരുടെ കുറവ്, നിയമപരമായ നടപടിക്രമങ്ങൾ എന്നിവ കാരണങ്ങളാണ്.

(എഫ്) 2007 ഡിസംബറിൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് കെട്ടിട വിഭാഗം നടത്തുന്ന പണികൾ

120 [2191] ശ്രീ. മഞ്ഞളാംകുഴി അലി:
" കെ. കെ. ജയചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളും ഓഫീസ് അല്ലാത്ത കെട്ടിടങ്ങളും പണിയുന്നതിന്റെ ബില്ലുകൾ യഥാസമയം നൽകാതെ വരുന്നത് പണികളുടെ പുരോഗതിയെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly